# Malayala Manorama
# 25 August 2018
# Kochi; After Flood, House Cleaning

## പ്രളയക്കെടുതിയിൽ പെട്ടുപോയവർക്ക് വിവാഹ മണ്ഡപം സൗജന്യം

മനോരമ ലേഖകൻ

കൊച്ചി● പ്രളയക്കെടുതി മൂലം വിവാഹച്ചടങ്ങുകൾ ഒരുക്കാൻ അസൗകര്യം നേരിടുന്നവർക്കായി സ്വന്തം ഹാൾ തുറന്നു കൊടുക്കുന്നു എറണാകുളം കരയോഗവും വൈറ്റില ഗോൾഡ് സൂക് മാളും; സൗജന്യമായി.

പ്രളയം ദുരിതത്തിലാക്കിയവരുടെ മക്കളുടെ വിവാഹത്തിനായി ടിഡിഎം ഹാൾ സൗജന്യമായി നൽകാനാണ് എറണാകുളം കരയോഗത്തിന്റെ തീരുമാനം. കൂടാതെ, 150 പേർക്കു സദ്യയും വധൂവരൻമാർക്കു സമ്മാനമായി 10,000 രൂപയും നൽകും. ഏതു സമുദായത്തിൽപ്പെട്ടവർക്കും അവരുടെ ആചാര പ്രകാരം വിവാഹച്ചടങ്ങൊരുക്കാം. ആദ്യ വിവാഹം 29ന്. ഡിസംബർ വരെയാണു സഹായപദ്ധതിയുടെ കാലാവധി.

ഗോൾഡ് സൂക് മാളിലെ രണ്ടു ഹാളുകളാണു ദുരിതബാധിതർക്കു സൗജന്യ വിവാഹവേദിയാകുന്നത്. 150 പേർക്ക് സദ്യയും സൗജന്യം. അർഹതപ്പെട്ടവർക്ക് സെപ്റ്റംബർ 30 വരെ ഈ സൗജന്യം ലഭ്യമാണ്.

## വൃത്തിയാക്കി, 1.31 ലക്ഷം വീടുകൾ

- അജൈവ മാലിന്യം ഏറ്റെടുത്ത് സംസ്കരിക്കുന്ന ചുമതല ക്ലീൻ കേരള കമ്പനിക്ക്

സംസ്ഥാനത്ത് ഇതുവരെ 1,31,683 വീടുകൾ വൃത്തിയാക്കിയതായി സർക്കാർ കണക്ക്. ഏഴായിരത്തോളം വീടുകൾ പൂർണമായും അര ലക്ഷത്തോളം വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

*ശുചീകരണ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാൻ സർക്കാരിന്റെ മാർഗനിർദേശങ്ങൾ*

- അഴുകിയ മാലിന്യങ്ങൾ വേർതിരിച്ചു സ്വന്തം സ്ഥലത്തുതന്നെ സംസ്കരിക്കണം. ചെളിയും മണ്ണും പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും തള്ളാതെ ഒരിടത്തു സൂക്ഷിച്ചാൽ പുനർനിർമാണ പ്രക്രിയയ്ക്കു പ്രയോജനപ്പെടുത്താം.
- പ്ലാസ്റ്റിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ, അപകടകരമായ മറ്റു വസ്തുക്കൾ എന്നിവ ജലാശയത്തിലോ പൊതുസ്ഥലങ്ങളിലോ തള്ളരുത്. ഇവ ഏറ്റെടുക്കാൻ ഏജൻസികളുണ്ട്.

### മാലിന്യസംസ്കരണം കരുതലോടെ

- സംസ്കരിക്കാനാകാത്ത മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസികളെ ഏൽപിക്കുന്നതുവരെ അവ സൂക്ഷിക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താൽക്കാലിക സംവിധാനം.
- അജൈവ മാലിന്യങ്ങൾ ഏറ്റെടുത്ത് വിവിധ ഏജൻസികൾ വഴി സംസ്കരിക്കുന്നതിനുള്ള ചുമതല ക്ലീൻ കേരള കമ്പനിക്ക്.
- വെള്ളത്തിൽ കിടക്കുന്ന വാഹനങ്ങൾ മൂലമുള്ള മലിനീകരണ പ്രശ്നം പരിഹരിക്കും.

